# INDIAN ANTI-CORRUPTION MISSION

**Registered under the Govt. of India, Trust Registration Act of 1882/IV/2018**

**Anjaneya Madom, Ambalassery, Taluk Hospital,**
**Karunagappally P.O., Kollam, Kerala – 690518**

Chief Patron: **Major Ravi** Patron: **Justice Kamal Pasha**


**പ്രസിദ്ധീകരണത്തിന്**

## അഴിമതി വിരുദ്ധ സമ്മേളനം ഈരാറ്റുപേട്ടയിൽ 26 ന്

സമൂഹത്തെയൊന്നാകെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന അഴിമതിയെന്ന വിപത്തിനെതിരെ ശക്തമായ മുന്നറിയിപ്പ് നല്കി 26 ന് ഈരാറ്റുപേട്ടയിൽ അഴിമതി വിരുദ്ധ സമ്മേളനം നടക്കും. ഇന്ത്യൻ ആന്റി കറപ്ഷൻ മിഷൻ പൂഞ്ഞാർ നിയോജകമണ്ഡലം കമ്മറ്റിയാണ് സംഘാടകർ.

അഴിമതി മുക്ത ദേശത്തിനും, മനുഷ്യാവകാശത്തിനുംവേണ്ടിയും, പരിസ്ഥിതി മലിനീകരണത്തിനും ഭക്ഷ്യോല്പന്നങ്ങളിൽ മായം ചേർക്കൽ, അധികാരികളുടെ അഴിമതി, കൈക്കൂലി എന്നിവക്കെതിരെയും ലഹരിമുക്ത ജനതയ്ക്കായും ലാഭേച്ഛയില്ലാതെ പ്രവർത്തിച്ചും അന്ധവിശ്വാസങ്ങൾ ഇല്ലാതാക്കുന്നതിനും ഇന്ത്യൻ ഭരണഘടനയുടെ അന്തസത്ത നിലനിർത്തി ജാതിരഹിത സമൂഹത്തിലൂടെ മതതീവ്രവാദ ചിന്തകളില്ലാതാക്കുന്നതിനും ആലംബഹീനർക്കും രോഗികൾക്കും ആശുപത്രികളിൽ നീതി ലഭിക്കുന്നതിനുമൊക്കെയായി 2018 ൽ രൂപീകൃതമായതാണ് ഇന്ത്യൻ ആന്റി കറപ്ഷൻ മിഷൻ.

ഉച്ചകഴിഞ്ഞ് 2.30 ന് പ്രസിഡന്റ് പ്രസാദ് കുരുവിളയുടെ അധ്യക്ഷതയിൽ നടക്കുന്ന സമ്മേളനം മുൻ എം.എൽ.എ. പി.സി. ജോർജ്ജ് ഉദ്ഘാടനം ചെയ്യും. ഇൻകം ടാക്സ് അഡീഷണൽ കമ്മീഷണർ ജ്യോതിസ്മോഹൻ മുഖ്യാതിഥിയാകും. നാഷണൽ ചെയർമാൻ ഡോ. രാജീവ് രാജധാനി മുഖ്യപ്രഭാഷണം നടത്തും. സംസ്ഥാന പ്രസിഡന്റ് ഷിബു കെ. തമ്പി സന്ദേശം നൽകും. ജില്ലാ പഞ്ചായത്ത് അംഗങ്ങളായ അനുപമ പി.ആർ., ഷോൺ ജോർജ്ജ് എന്നിവരും ഷിബു മുതുപിലക്കാട്, പി.ആർ.വി. നായർ, എൻ.ആർ.ജി. പിള്ള, ശ്രീരഞ്ജു, കെ.പി. ചന്ദ്രൻ, വി.വി. ജോയി, ജോസ് ഫ്രാൻസീസ്, കെ.എഫ്. കുര്യൻ, മിനർവ മോഹൻ, പി.റ്റി. വിജയൻ, സുനിൽ തോട്ടപ്പള്ളിൽ, ജോസഫ് കുര്യൻ പൂവത്തോലിൽ, രാജു വലക്കമറ്റം, സെബാസ്റ്റ്യൻ മാളിയേക്കൽ എന്നിവരും പ്രസംഗിക്കും. ത്രിതല പഞ്ചായത്ത് അംഗങ്ങളും സമ്മേളനത്തിൽ സന്നിഹിതരാകും.

PRASAD KURUVILLA
9446084464
8281961464
7012013212
prasadkuruvilla444@gmail.com

ഈരാറ്റുപേട്ട
19.12.2022

**പ്രസാദ് കുരുവിള**
(പ്രസിഡന്റ്)
ഫോൺ: 9446084464